# INDIAN SCHOOL AL WADI AL KABIR

MIDTERM EXAMINATION 2023-24

**MALAYALAM (2nd Lang.)**

Date: 19 /09 /2023 Time Allowed :2½ hours

Class: VII Maximum Marks: 80

---

*General Instructions:*

1. Please check this question paper contains 6 printed pages and 16 questions

**1) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(12 x ½= 6)**

a) 'അണിഞ്ഞൊരുങ്ങൽ' എന്ന പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

( വടക്കൻപാട്ട്, തെക്കൻപാട്ട്, മാപ്പിളപ്പാട്ട് )

b) "ഒത്ത മുകളിലെത്തിയാൽ പിന്നെ എന്ത് ചെയ്യണം" ഇങ്ങനെ ചോദിച്ചതാരാണ് ?

( നായ, തള്ളപ്പൂച്ച, കൊച്ചുപൂച്ച )

c) വടക്കൻപാട്ടിലെ നായിക എന്ത് കൊണ്ടാണ് കണ്ണെഴുതിയിരിക്കുന്നത് ?

( ചന്ദനം കൊണ്ട്, അഞ്ജനം കൊണ്ട്, കുങ്കുമം കൊണ്ട് )

d) സുബൈദ ആർക്കാണ് രത്നം കാണിച്ചു കൊടുത്തത് ?

( ഉമ്മയ്ക്ക്, പിതാവിന്, ഗയാനിക്ക് )

e) നാളുകൾ കഴിഞ്ഞപ്പോൾ അരാക്നിയിൽ അങ്കുരിച്ചു തുടങ്ങിയത് എന്താണ് ?

( കരുണ, അഹങ്കാരം, സഹതാപം )

f) 'ചിത്രയോഗം' എന്ന മഹാകാവ്യം എഴുതിയ കവി ആരാണ് ?

( ഉള്ളൂർ, വള്ളത്തോൾ, എഴുത്തച്ഛൻ )

g) കൊച്ചുപൂച്ച അമ്മയോട് ഓരോന്നു പറഞ്ഞ് തർക്കിച്ചത് എന്തുകൊണ്ട് ?

( മരംകേറ്റം പഠിക്കാനുള്ള മടി കാരണം, കൊച്ചുപൂച്ചയ്ക്ക് വിശന്നതു കൊണ്ട്, അമ്മ ശാസിച്ചതു കൊണ്ട് )

h) 'എന്ത് ? എന്തൊക്കെ ? എങ്ങനെ ? ' എന്ന കഥ എഴുതിയതാര് ?

( കുഞ്ഞുണ്ണി, തകഴി, വൈക്കം മുഹമ്മദ് ബഷീർ )

i) ആരാണ്  അരാക്നിയുടെയും അഥീനി ദേവിയുടെയും ചിത്രങ്ങൾ വിലയിരുത്തിയത് ?

( ദേവന്മാർ, കാണികൾ,  വിദഗ്ധർ )

j) 'നമുക്ക് അമൃതും അമൃതായി തോന്നുന്നത് ' ആര് പകർന്നു തരുമ്പോൾ ആണെന്നാണ്  കവി പറയുന്നത് ?

( മർത്ത്യൻ , അമ്മ , വളർത്തമ്മ )

k) കിഴവിയുടെ വേഷത്തിൽ അരാക്നിയുടെ അടുത്തെത്തിയ അഥീനി ദേവി ആദ്യം എന്താണ് ചെയ്തത് ?

( അരാക്നിയെ ശപിച്ചു , അരാക്നിയെ പ്രശംസിച്ചു , അരാക്നിയെ മറ്റുള്ളവർ പ്രശംസിക്കുന്നത് നോക്കിനിന്നു )

l) 'എന്റെ ഭാഷ' എന്ന പാഠഭാഗം ഏത് കവിതാസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

( സാഹിത്യമഞ്ജരി , ശിഷ്യനും മകനും , ഉമാകേരളം )

**2) അർത്ഥം എടുത്തെഴുതുക** **(6 x ½= 3)**

a) ഹൃദ്യം ( മനോഹരം , മഹത്തരം , മഹനീയം )

b) രോഷം ( കോപം , കരുണ , കനിവ് )

c) ചമയുക ( ഒരുങ്ങുക , ഓർക്കുക , ഒന്നാവുക )

d) അഞ്ജനം ( കുങ്കുമം , ചന്ദനം , കൺമഷി )

e) നിഷ്പ്രയാസം ( പ്രയാസം കൂടാതെ , പ്രയാസത്തോടെ , പ്രയാസമേറിയ )

f) നിശ്ശബ്ദം ( ശൗര്യത്തോടെ , ശബ്ദമില്ലാതെ , ശക്തിയോടെ )

**3) പര്യായപദങ്ങൾ എടുത്തെഴുതുക** **(6 x 1= 6)**

a) കടൽ ( സാഗരം , പാദപം , അംബരം , ആഴി )

b) കണ്ണ് ( കർണ്ണം , കേശം , മിഴി , നയനം )

c) മരം ( വൃക്ഷം , തരു , തടിനി , വാഹിനി )

d) ചില്ല ( സുധ , ശിഖരം , ശാഖ , പീയൂഷം )

e) ശരീരം ( മേനി , ആനനം , വദനം , തനു )

f) മനസ്സ് ( ചിത്തം , തടിനി , മാനസം , മറ )

**4) വിപരീതപദം എഴുതുക** **(8 x ½= 4)**

a) അഭിമാനം b) ക്ഷമ

c) തുറന്നു d) ഭാഗ്യം

e) കയറ്റം f) പൂർണ്ണം

g) ശ്രമം h) വിശ്വാസം

**5) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക** **(6 x ½= 3)**

a) ചിത്രീകരിച്ചു / ചിത്രീകറിച്ചു / ചിത്രീക്കരിച്ചു

b) പ്രതിഷ്ടിച്ചു / പ്രതിഷ്ട്ടിച്ചു / പ്രതിഷ്ഠിച്ചു

c) വക്ക്ത്രം / വക്ത്രം / വാക്ത്രം

d) ദുശ്ശോദ്യം / ദുശ്ച്ചോദ്യം / ദുച്ചോദ്യം

e) വർണോജ്വാലം / വർണോജലം / വർണ്ണോജ്ജ്വലം

f) മത്സരത്തയ്യൽ / മത്സരതയ്യൽ / മത്സരാത്തയ്യൽ

**6) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **(4 x 1= 4)**

a) കൊടുക്കും / അരാക്നിയെക്കുറിച്ച് / സമ്മാനം / പുകഴ്ത്തിപ്പറയുന്നവർക്ക്

b) സുബൈദയെ / ശിക്ഷ കിട്ടി / തക്ക / കബളിപ്പിച്ച / ഗയാനിക്ക്

c) അത്താഴം / കിടന്നു / കഴിച്ചു / കൊച്ചുപൂച്ച / വേഗം / ഉറങ്ങാൻ

d) പരിഭ്രമം / നിന്നു / അരാക്നി / കാണിക്കാതെ / പുറത്ത്

**7) വിഗ്രഹിച്ചെഴുതുക** **(6 x ½= 3)**

a) സ്വഭാഷ b) കിഴവിത്തള്ള c) ചന്ദനക്കുറി

d) ഉൾത്തേൻ e) സന്തതിപരമ്പര f) പൊന്നരഞ്ഞാൺ

**8) എതിർലിംഗം എഴുതുക** **(6 x ½= 3)**

a) പിതാവ് b) ദരിദ്രൻ c) തോഴൻ

d) മടിയൻ e) അവൻ f) ഭാര്യ

**9) പിരിച്ചെഴുതുക** **(4 x ½= 2)**

a) മാലയല്ലോ b) പിഞ്ചിളം

c) നാളെത്തന്നെ d) പഠിക്കാനില്ല

**10) ചേർത്തെഴുതുക** **( 4 x ½= 2)**

a) പഞ്ഞി + പൊതി b) മിണ്ടി + തുടങ്ങാൻ

c) വേണം + എങ്കിൽ d) രണ്ട് + അക്ഷരം

**11) ഒറ്റപ്പദമെഴുതുക** **( 4 x ½= 2)**

a) കുങ്കുമം കൊണ്ട് തൊട്ട പൊട്ട് b) മെയ്യിൽ അണിയുന്ന ആഭരണം

c)ചിത്തമാകുന്ന താര് d) പൂക്കുല പോലെയുള്ള ഞൊറി

**12) പാഠഭാഗത്തിലുള്ളതു പോലെ കവിത പൂർത്തിയാക്കുക. ( 4 വരികൾ ) ( 4 )**

ചന്ദനക്കല്ലിന്റെ.............................

........................................................

........................................................

.............................. കെട്ടിവെച്ചു

**13)** ഏതെങ്കിലും **8** പക്ഷികളുടെ പേരുകൾ മലയാളത്തിൽ എഴുതുക. **( 4 )**

**14)** ഏതെങ്കിലും **8** മൃഗങ്ങളുടെ പേരുകൾ മലയാളത്തിൽ എഴുതുക. **( 4 )**

**15) താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(10 x 2½ = 25)**

a) മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം ചുണ്ടിൽ എന്തൊക്കെയാണ് സമ്മേളിക്കുന്നത് ?

b) ചന്ദനക്കല്ലിന്റെ അരികിൽ ചെന്ന് നായിക എന്താണ് ചെയ്തത് ?

c) അമ്മ മണിപ്പൂച്ചയെ പഠിപ്പിക്കാൻ ഉദ്ദേശിച്ച പാഠം എന്ത് ?

d) പൈതങ്ങൾ പൂർണ്ണ വളർച്ച നേടണമെങ്കിൽ എന്ത് നുകരണമെന്നാണ് കവി പറയുന്നത് ?

e) ദൂരെ നിന്ന് പോലും ആളുകൾ അരാക്നിയുടെ അടുത്ത് വന്നിരുന്നതെന്തിന് ?

f) എങ്ങനെയുള്ള പട്ടാണ് വടക്കൻപാട്ടിലെ നായിക ഞൊറിഞ്ഞുടുക്കുന്നത് ?

g) കൊച്ചുപൂച്ചയ്ക്ക് ഉറക്കം വരാതിരുന്നതിന് കാരണമെന്ത് ?

h) അരാക്നി രോഷാകുലയായതെപ്പോൾ ?

i) വടക്കൻ പാട്ടിലെ നായിക അണിഞ്ഞിരിക്കുന്ന വള എങ്ങനെയുള്ളതാണ് ?

j) മറ്റുള്ള ഭാഷകളെ എന്തായിട്ടാണ് കവി സങ്കല്പിക്കുന്നത് ?

k) നായിക കഴുത്തിൽ അണിഞ്ഞിരിക്കുന്ന മാലയുടെ പ്രത്യേകതയെന്ത് ?

l) അനുഭവത്തിൽ നിന്ന് കൊച്ചുപൂച്ച പഠിച്ചതെന്ത് ?

**16) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(5 x 1= 5)**

വളരെപ്പണ്ട് ബാഗ്ദാദിൽ ദരിദ്രനും അതേ സമയം ദയാലുവുമായ ഒരു ചെറുപ്പക്കാരൻ താമസിച്ചിരുന്നു. ഉമ്മർ എന്നായിരുന്നു അവന്റെ പേര്. കാട്ടിൽ പോയി വിറക് ശേഖരിച്ച് അത് വിറ്റ് ഉപജീവനം നടത്തി വന്ന ഉമ്മർ അന്ധയായ മാതാവിനോടൊപ്പം സുഖമായി താമസിച്ചു വരികയായിരുന്നു.

ഒരിക്കൽ കാട്ടിൽ നിന്ന് തിരിച്ചു വരുമ്പോൾ കുറെ കുട്ടികൾ ഒരു പൂച്ചക്കുഞ്ഞിനെ ഉപദ്രവിക്കുന്നത് കണ്ട് അലിവ് തോന്നിയ ഉമ്മർ ആ പൂച്ചക്കുട്ടിയെ എടുത്ത് വീട്ടിലേക്കു കൊണ്ടുവന്നു. പിറ്റേന്ന് ഇതുപോലെ ഒരു പട്ടിക്കുഞ്ഞിനെയും അവന് കിട്ടി. അങ്ങനെ ആ വീട്ടിൽ നാലംഗങ്ങളായി. മൂന്നാം ദിവസം ഒരു പാമ്പും കുട്ടികളിൽ നിന്ന് രക്ഷപ്പെട്ട് അവന്റെ കൂടെക്കൂടി .

പാമ്പിനെ കണ്ട് അവൻ ഒന്ന് ഞെട്ടിയെങ്കിലും പരമകാരുണികനായ അള്ളാഹു തന്റെ രക്ഷയ്ക്കെത്തും എന്ന ഉറച്ച വിശ്വാസത്തോടെ പാമ്പിനെയും എടുത്ത് അവൻ വീട്ടിലെത്തി. പിറ്റേദിവസം അവൻ കാട്ടിലേക്ക് പുറപ്പെടാൻ നില്ക്കെ ആ ഉരഗം പറഞ്ഞു:

" എന്നെക്കൂടി കൊണ്ടുപോകൂ. നിങ്ങൾക്ക് എന്തെങ്കിലും ഗുണമുണ്ടാകും."

ഉമ്മർ അനുസരിച്ചു. ഒരു മലയുടെ അടിവാരത്ത് എത്തിയപ്പോൾ പാമ്പ് പറഞ്ഞു: " എന്റെ പിതാവ് സർപ്പരാജാവാണ് , നീയെന്നെ രക്ഷിച്ചതു കൊണ്ട് അദ്ദേഹം സമ്മാനം തരാൻ ഇഷ്ടപ്പെടും. അദ്ദേഹത്തിന്റെ നാവിന്നടിയിലെ മാണിക്യം നീ ആവശ്യപ്പെടണം. ആ കല്ല് നിന്റെ നാവിന്നടിയിൽ വച്ച് നീ എന്താഗ്രഹിക്കുന്നുവോ അത് ഉടനെ സാധിക്കും.

ഉമ്മറിന് സർപ്പരാജാവ് മാണിക്യം തന്നെ നല്കി. ഉമ്മർ അത് നാവിന്നടിയിൽ വച്ചു. അതിൻ ഫലമായി നല്ലൊരു വീടും സുഭിക്ഷമായ ഭക്ഷണവും അവന് തരമായി. അമ്മയ്ക്ക് കാഴ്ച ലഭിച്ചു. ആ നാട്ടിലെ പണക്കാരനായ മുഹമ്മദ്ഖാന്റെ മകളെ വിവാഹവും കഴിച്ചു.

**ചോദ്യങ്ങൾ:**

a) ഉമ്മർ എങ്ങനെയാണ് ഉപജീവനം നടത്തിയിരുന്നത് ?

b) കാട്ടിലേക്ക് പുറപ്പെടാൻ തുടങ്ങിയ ഉമ്മറിനോട് ഉരഗം എന്താണ് പറഞ്ഞത് ?

c) പിതാവിനോട് എന്ത് സമ്മാനം ആവശ്യപ്പെടാനാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത് ?

d) ഉമ്മറിന് സർപ്പരാജാവ് നല്കിയ മാണിക്യത്തിന്റെ പ്രത്യേകതയെന്ത് ?

e) മാണിക്യം ലഭിച്ച ഉമ്മറിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായത് ?

***